# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം.പി.ആർ.27/2024 തിരുവനന്തപുരം, തീയതി: 02/02/2024

## പത്രക്കുറിപ്പ്

### പുനഃക്രമീകരിച്ച പരീക്ഷ

കേരളസർവകലാശാല കേശവദാസപുരം എം.ജി. കോളേജിൽ വച്ച് നടത്താൻ നിശ്ചയിച്ചിരുന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്സി. സൈക്കോളജി കോർ പ്രാക്ടിക്കൽ പരീക്ഷാത്തീയതികൾ പുനഃക്രമീകരിച്ചു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ (റെഗുലർ & സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2024 ഫെബ്രുവരി 12 വരെ റെഗുലർ വിദ്യാർത്ഥികൾക്ക് www.slcm.keralauniversity.ac.in മുഖേനയും സപ്ലിമെന്ററി വിദ്യാർത്ഥികൾക്ക് exams.keralauniversity.ac.in മുഖേനയും ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. റെഗുലർ വിദ്യാർത്ഥികളുടെ അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടർ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി. കെമിസ്ട്രി, അനലിറ്റിക്കൽ കെമിസ്ട്രി, അപ്ലൈഡ് കെമിസ്ട്രി, മെഡിസിനൽ കെമിസ്ട്രി (മേഴ്സിചാൻസ് - 2010 - 2017 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2024 ഫെബ്രുവരി 12 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2023 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്സി. (റെഗുലർ – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2019 & 2020 അഡ്മിഷൻ, മേഴ്സിചാൻസ് – 2015 & 2017 അഡ്മിഷൻ) പരീക്ഷയുടെ മൈക്രോബയോളജി കോർ പ്രാക്ടിക്കൽ പരീക്ഷകൾ 2024 ഫെബ്രുവരി 13 മുതൽ ആരംഭിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ സി.ആർ. സി.ബി.സി.എസ്.എസ്. 2 (b) ബി.എസ്സി. കമ്പ്യൂട്ടർ സയൻസ് (320) (റെഗുലർ – 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2019 - 2022 അഡ്മിഷൻ, മേഴ്സിചാൻസ് – 2017 അഡ്മിഷൻ) ജനുവരി 2024 പരീക്ഷകളുടെ പ്രാക്ടിക്കൽ 2024 ഫെബ്രുവരി 8 മുതൽ ആരംഭിക്കുന്നു. ഫെബ്രുവരി 8 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.എസ്സി. കമ്പ്യൂട്ടർ സയൻസ് പ്രാക്ടിക്കൽ പരീക്ഷകൾക്ക് യു.ഐ.ടി. അടൂരിലെ വിദ്യാർത്ഥികൾക്ക് സി.എ.എസ്. അടൂരിലും യു.ഐ.ടി. മുതുകുളമിലെ വിദ്യാർത്ഥികൾക്ക് യു.ഐ.ടി. കരുവാറ്റയിലുമാണ് പരീക്ഷാ കേന്ദ്രങ്ങൾ ഒരുക്കിയിട്ടുള്ളത്. മറ്റ് പരീക്ഷാ കേന്ദ്രങ്ങൾക്ക് മാറ്റമില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്‌സി. ഫിസിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2024 ഫെബ്രുവരി 7 മുതൽ 16 വരെ തീയതികളിൽ നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്‌സി. എൻവയോൺമെന്റൽ സയൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2024 ഫെബ്രുവരി 8 മുതൽ 13 വരെ അതാത് കോളേജുകളിൽ നടത്തുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## ട്യൂഷൻ ഫീസ് & അസൈൻമെന്റ് ഫീസ്

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം മൂന്നാം സെമസ്റ്റർ (ബി.എ./ ബി.കോം./ബി.ബി.എ. – 2022 അഡ്മിഷൻ) എന്നീ യു.ജി. പ്രോഗ്രാമുകളുടെ ട്യൂഷൻ ഫീസ്, അസൈൻമെന്റ് ഫീസ് എന്നിവ പിഴകൂടാതെ 2024 ഫെബ്രുവരി 14 വരെ ഒടുക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് www.ideku.net സന്ദർശിക്കുക.

## പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ ബി.ടെക്. പാർട്ട് ടൈം റീസ്ട്രക്ചേർഡ് കോഴ്സിന്റെ (2013 സ്കീം), ജനുവരി 2024 പരീക്ഷാ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പിഴകൂടാതെ 2024 ഫെബ്രുവരി 10 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 16 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 18 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സീറ്റൊഴിവ്

കേരളസർവകലാശാലയുടെ കീഴിലുള്ള സെന്റർ ഫോർ ജിയോ സ്പേഷ്യൽ ഇൻഫോർമേഷൻ സയൻസ് ആന്റ് ടെക്നോളജിയിൽ (IUCGIST) പി.ജി. ഡിപ്ലോമ ഇൻ ജിയോ ഇൻഫോർമേഷൻ സയൻസ് ആന്റ് ടെക്നോളജി പ്രോഗ്രാമിലേക്ക് (2023-24) ST/SC കാറ്റഗറിയിൽ ഒരു സീറ്റൊഴിവുണ്ട്. യോഗ്യത: Geology (or any branch of Earth science)/Geography/ Environmental Science/ Physics/ Computer Science/ Zoology/ Botany/ any branch of Life Sciences/ Climate Science/ Climate Change/ Climate Change and Disaster Management/MCA/Environment Science and Disaster Management/ Disaster Management ഇവയിലേതിലെങ്കിലും പി.ജി. താൽപ്പര്യമുള്ളവർ അസ്സൽ രേഖകളുമായി 2024 ഫെബ്രുവരി 5 ന് IUCGIST ഓഫീസിൽ ഹാജരാകുക. വിശദവിവരങ്ങൾക്ക്: 04712308214, 9447103510.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in